ML1201

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015

## മലയാളം പേപ്പർ - II

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് : X

സമയം : 1½മണിക്കൂർ ആകെ സ്കോർ: 40

**പൊതുനിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

1. "ഞാനൊരു വലിയ കർഷക കുടുംബത്തിലാണ് ജനിച്ചത്. അച്ഛൻ, നാലു ഭാര്യമാർ, ഇരുപത്തിയെട്ടു മക്കൾ. അക്കാലത്തെ രീതിയിൽ വളർന്നു പന്തലിച്ച് ഒരു സമൂഹം പോലുള്ള കുടുംബം."

   അന്നത്തെ സാമൂഹ്യാവസ്ഥയെക്കുറിച്ച് ഈ വാക്യങ്ങളിൽ തെളിയുന്ന രണ്ടു സൂചന കുറിക്കുക.

   (സ്കോർ 2)

2. "വിരൽത്തുമ്പിൽപ്പിടിച്ച് മണലിന്റെ വെള്ളിക്കൊമ്പിൽ ഹരിശ്രീയുടെ രാജമല്ലികൾ വിടർത്തിയവൾ"

   അടിവരയിട്ട പ്രയോഗങ്ങൾ നൽകുന്ന സൂചനകൾ എന്തെല്ലാം?

   (സ്കോർ 2)

3. "എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽ എഴുതണം. ഇംഗ്ലീഷ് ഭാഷയിൽ തോൽക്കുന്ന ആർക്കും തന്നെ പരിക്ഷയിൽ ജയിക്കാൻ കഴിയുമായിരുന്നില്ല."

   ബ്രിട്ടീഷുകാർ ഇത്തരം നിബന്ധനകൾ നടപ്പാക്കിയത് എന്തിനായിരിക്കും? രണ്ടു കാരണങ്ങൾ കണ്ടെത്തുക.

   (സ്കോർ 2)

4. "മാതാവിൻ വാത്സല്യ ദുഗ്ദ്ധം നുകർന്നാലേ
   പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ."

   അടിവരയിട്ട പദങ്ങൾക്കു പകരം അനുയോജ്യമായ പദങ്ങൾ ചേർത്ത് വരികൾ എഴുതുക.

   (സ്കോർ 2)

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരം എഴുതുക. അരപ്പുറത്തിൽ കവിയരുത്.( 4 സ്കോർ വീതം)**

(5x4=20)

5. "അറിവും ആടലോടകവും മണക്കുന്ന
പഴമൊഴികളുടെ നിറനിലാവ്
പാമ്പിൻമാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ
നൂണു പോകേണ്ട മൈലാഞ്ചി വഴികൾ"

പഴമൊഴികൾക്കും കടങ്കഥകൾക്കും നൽകിയിരിക്കുന്ന വിശേഷണങ്ങളുടെ ഔചിത്യം പരിശോധിക്കുക.

6. "തീ കൂട്ടി ചുറ്റുമിരുന്ന് കഥ കേട്ടിരുന്ന അക്കാലത്തെ സായാഹ്നങ്ങൾ എൻെറ ഓർമയിലുണ്ട്."

കഥ കേൾക്കുന്ന ശീലം ഗൂഗി വാ തിഓംഗോയുടെ ജീവിതത്തെ സ്വാധീനിച്ചത് എങ്ങനെ?

7. "കണ്ണീരണിഞ്ഞു കുഗ്രാമ -
ലക്ഷ്മിനോക്കിയിരിക്കവെ,
കേവഞ്ചികേറിപ്പോയോണ -
വെണ്ണിലാവണി രാവുകൾ."

'വാങ്മയ ചിത്രങ്ങൾ രചിക്കുന്നതിൽ സമർത്ഥനാണ് പി. കുഞ്ഞിരാമൻ നായർ.' തന്നിരിക്കുന്ന വരികൾക്കൊപ്പം കവിതയിൽ നിന്നുള്ള മറ്റു ഉദാഹരണങ്ങൾ കൂടി പരിഗണിച്ച് ഈ പ്രസ്താവന സമർത്ഥിക്കുക.

8. "ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്ക വേണം."

ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

9. "നിങ്ങൾതൻ കണ്ണീർ കലരാതിരിക്കട്ടെ-
യിന്നെങ്കിലുമെൻെറ പാട്ടിൽ."
കവി ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

10. 'കാർഷിക സംസ്ക്കാരത്തിൻെറ മനോഹരമായ ചിത്രങ്ങൾ 'സൗന്ദര്യ പൂജ' എന്ന കവിതയിലുടനീളമുണ്ട്'. -വിലയിരുത്തുക.

**11 മുതൽ 13 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക. ഒരു പുറത്തിൽ കവിയരുത് ( 6 സ്കോർ വീതം )**

(2x6=12)

11. "ശരീരത്തെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ. ആത്മീയമായ കീഴ്പ്പെടുത്തലിൻെറ മാധ്യമം ഭാഷയാണ്." - ഗൂഗി വാ തിഓംഗോ.

"കേരളത്തിന്നീയിരുൾക്കുണ്ടിൽനിന്നൊന്നു
കേറാൻ പിടിക്കയറെന്തു വേറെ"

- വള്ളത്തോൾ

ഗൂഗി വാ തിഓംഗോയും വള്ളത്തോളും ഭാഷയെ കാണുന്നതെങ്ങനെയാണ്? അവ ഉൾപ്പെടുത്തി അന്താരാഷ്ട്ര മാതൃഭാഷാദിനത്തിൽ പുറത്തിറങ്ങുന്ന മാസികയിൽ പ്രസിദ്ധീകരിക്കാൻ 'മാതൃഭാഷ ആയുധമാക്കുക' എന്ന ശീർഷകത്തിൽ മുഖപ്രസംഗം തയ്യാറാക്കുക.

12. ഇരയിമ്മൻെറ താരാട്ട്, ഉണ്ണായിയുടെ പദങ്ങൾ,
സ്വാതിയുടെ സംഗീത സരോരുഹം..........

തന്നിരിക്കുന്ന സൂചനകൾക്കൊപ്പം മറ്റു സൂചനകളും കണ്ടെത്തി 'മലയാളം' എന്ന കവിത, മലയാള സാഹിത്യചരിത്രംകൂടിയായി മാറുന്നതെങ്ങനെയെന്നു വ്യക്തമാക്കുന്ന ഉപന്യാസം തയ്യാറാക്കുക.

13. 'ഒരു വിദേശ ഭരണത്തിൻെറ അപകടങ്ങളിൽ ഏറ്റവും വലുത് യുവാക്കളിൽ വിദേശഭാഷയുടെ ന്യായീകരണമില്ലാത്ത അടിച്ചേൽപിക്കലാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.'

-ഗാന്ധിജി

'ശാസ്ത്രമുൾപ്പെടെ സർവ്വ വിഷയങ്ങളും മാതൃഭാഷയിലാണ് പഠിക്കേണ്ടത്.'

-ജി.മാധവൻനായർ, ഐ.എസ്.ആർ.ഒ. മുൻചെയർമാൻ

'ആശയങ്ങൾ സ്വാഭാവികമായി മുളച്ച് നൂറുമേനി വിളയുന്നത് ഇംഗ്ലീഷിൻെറ ചെടിച്ചട്ടിയിലല്ല. മാതൃഭാഷയുടെ വിശാലമായ പാടങ്ങളിലാണ്.'

മുകളിൽ കൊടുത്ത അഭിപ്രായങ്ങളും 'വാക്കാം വർണക്കുടചൂടി' എന്ന യൂണിറ്റിലെ ആശയങ്ങളും പരിഗണിച്ച് കേരളപ്പിറവി ദിനത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനുള്ള ഒരു പ്രഭാഷണം തയ്യാറാക്കുക.